**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5368** — **05-07-2024 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റികളിലെ സെമസ്റ്റർ ഫീസ് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യൂണിവേഴ്സിറ്റികളിലെ സെമസ്റ്റർ ഫീസ് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സെമസ്റ്റർ ഫീസ് വർദ്ധിപ്പിക്കുന്നതിന് സർവകലാശാലകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളിലാണ് സെമസ്റ്റർ ഫീസ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരളാ സർവകലാശാല ,മഹാത്മാ ഗാന്ധി സർവകലാശാല, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല ,കാലിക്കറ്റ് സർവകലാശാല ,കണ്ണൂർ സർവകലാശാല ,നുവാൽസ് ,ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ,ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാല എന്നീ സർവ്വകലാശാലകളിൽ സെമസ്റ്റർ ഫീസ് വർധിപ്പിച്ചിട്ടുണ്ട് . |
| (സി) | നിലവിൽ ഓരോ കോഴ്സിനും വർദ്ധിപ്പിച്ച തുക എത്രയെന്ന് അറിയിക്കാമോ; | (സി) | കേരള സർവകലാശാല പഠനഗവേഷണ വകുപ്പുകളിലെ 2024 –25 അദ്ധ്യയന വർഷം മുതൽ ആരംഭിച്ച നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ ശാസ്ത്ര വിഷയങ്ങൾക്ക് ട്യൂഷൻ ഫീസ് 12,500/- രൂപയും ശാസ്ത്രേതര വിഷയങ്ങൾക്ക് ട്യൂഷൻ ഫീസ് 7,500/- രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റ് ഗ്രാജ്വേഷൻ പ്രോഗ്രാമുകൾക്ക് ഫീസിനത്തിൽ മാറ്റം വരുത്തിയിട്ടില്ല.<br><br>മഹാത്മാ ഗാന്ധി സർവകലാശാല 2024-25 അദ്ധ്യയന വർഷം ഫീസ് നിരക്ക് 5 % വർധിപ്പിച്ചിട്ടുണ്ട് .<br><br>കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 2022 മുതൽഒന്നിടവിട്ട വർഷങ്ങളിൽ എല്ലാ പ്രോഗ്രാമുകൾക്കും സെമസ്റ്റർ ഫീസ് ഇനത്തിൽ അഞ്ചു ശതമാനം വർദ്ധനവ് വരുത്താറുണ്ട് .<br><br>കാലിക്കറ്റ് സർവകലാശാല 2024-25 അദ്ധ്യയന വർഷം ഫീസ് നിരക്ക് 5 % വർധിപ്പിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | കണ്ണൂർ സർവകലാശാല പഠന വകുപ്പ് / സെന്ററുകളുടെ വിവിധ പ്രോഗ്രാമുകളുടെ സെമസ്റ്റർ ഫീസ് 10 % വർദ്ധനവ് വരുത്തിയിട്ടുണ്ട് .2021 ൽ ആരംഭിച്ച പ്രോഗ്രാമുകൾക്ക് 5 % വർദ്ധനവ് മാത്രമാണ് വരുത്തിയത് .<br><br>മലയാളം സർവകലാശാല 5% ഫീസ് വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട് .<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഓരോ കോഴ്സിനും വർധിപ്പിച്ച തുക ചുവടെ ചേർക്കുന്നു<br><br>B.A/B.F.A -Rs 500/-<br><br>MA -Rs 500/-<br><br>MSc -Rs 550/-<br><br>M.S.W -Rs 1000/-<br><br>MPES -Rs 2000/-<br><br>M.F.A- Rs 1000/-<br><br>NUALS ൽ LLB , LLM പ്രോഗ്രാമുകൾക്ക് Rs 15000 വീതം വർധിപ്പിച്ചിട്ടുണ്ട് .<br><br>ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാല എല്ലാ പ്രോഗ്രാമുകൾക്കും സെമസ്റ്റർ ഫീസിൽ 100 രൂപ വർധിപ്പിച്ചിട്ടുണ്ട് . |
| (ഡി) | വർദ്ധിപ്പിച്ച ഫീസ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വിശദമാക്കാമോ? | (ഡി) | നിജപ്പെടുത്തിയ ഫീസിനത്തിൽ മാറ്റം വരുത്തുന്നതിന് സർവകലാശാലകൾ തീരുമാനിച്ചിട്ടില്ല . |

സെക്ഷൻ ഓഫീസർ